©
Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്

## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LIV<br>വാല്യം 54 | THIRUVANANTHAPURAM, TUESDAY<br>തിരുവനന്തപുരം, ചൊവ്വ | 3rd November 2009<br>2009 നവംബർ 3<br>12th Karthika 1931<br>1931 കാർത്തികം 12 | No.<br>നമ്പർ | 43 |

## PART III

# Industries Department

NOTICE

ISSUED UNDER RULE 69(2) OF THE KERALA CO-OPERATIVE SOCIETIES ACT 21 OF 1969

No. V/TVT-QH-11/09/LIQ. *23rd September 2009.*

Whereas the affairs of the T. V. Thomas Memorial Handloom Weavers Industrial Co-operative Society Ltd. No. QH-11, Edayam, Edayam P. O., Pathanapuram Taluk, Kollam District have been ordered to be wound up by the General Manager, District Industries Centre, Kollam under section 71 of the Kerala Co-operative Societies Act 21 of 1969 and the undersigned appointed as the Liquidator of the Society as per Order No. K-16/5646/2006 dated 4-3-2009 of the General Manager, District Industries Centre, Kollam.

Notice is hereby given that all claims against the above said society shall be preferred to the undersigned in person or through authorised agents within one month from the date of publication of this notice.

(Sd.)
*Liquidator and*
*Senior Supervisor (Handlooms.)*

Taluk Industries Office,
Veliyam, Kottarakkara.

Gaz. No. 43/2009/DTP (Industries).

PROCEEDINGS

OF THE GENERAL MANAGER, DISTRICT INDUSTRIES CENTRE, PATHANAMTHITTA

No. D/214/2007. *28th August 2009.*

*Ref:*— (1) This Office Proceeding No. D/3364/99, dated 23-11-1999.

(2) Report No. SCI (1) 23/07 of Senior Co- operative Inspector, dated 31-7-2009.

(3) Gazette Notification.

Adoor Taluk Vanitha ICS, Limited No. S. IND (PTA)-23, Adoor Pathanamthitta was Registered on 28-6-1991 with 10 Members. As per proceeding 1st cited above, the society was ordered to be wound up and the liquidator took charge on 23-11-1999.

Since all the formalities as per Rule-69 has been completed, the liquidator has recommended for the cancellation of the Registration of the Society. The liquidator has furnished a Nil Balance sheet, as on 25-6-2009. Hence there is no liability out standing

against the society to Government and any other agency/members/organizations and no asset to be recovered. Therefore the office of the society has been finally wound up and cancelled the registration.

ORDER

In the circumstances cited above, I, in Exercise of powers conferred upon me as the Registrar under section 74 of KCS Act 21 of 1969 do here by ordered finally wound up the affairs and cancel the registration of the Adoor Taluk Vanitha ICS, Ltd. No. S. IND (PTA)-23, Adoor, Pathanamthitta. The liquidator shall keep the records of the society for a period of further three years and destroy with prior permission of the undersigned.

District Industries Centre, (Sd.)
Pathanamthitta. *General Manager.*

---

ക്ലെയിം നോട്ടീസ്

നമ്പർ ലിക്വി./37/2009. 2009 ആഗസ്റ്റ് 29.

ഐഡിയൽ റബ്ബർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ എസ്.ഇൻഡ്-പി.റ്റി.എ.-37, മല്ലശ്ശേരി, പത്തനംതിട്ടയുടെ ലിക്വിഡേറ്റർ (സീനിയർ സഹകരണ ഇൻസ്പെക്ടർ, ജില്ലാ വ്യവസായകേന്ദ്രം, പത്തനംതിട്ട പി. ഒ., കോഴഞ്ചേരി) 1969-ലെ കേരള സഹകരണസംഘം ചട്ടം 69 (2) പ്രകാരം പരസ്യപ്പെടുത്തുന്നത്.

പത്തനംതിട്ട ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജരുടെ 23-5-2009-ലെ ഡി./3702/94-ാം നമ്പർ ഉത്തരവു പ്രകാരം പ്രസ്തുത സൊസൈറ്റിയുടെ ചുമതല 29-8-2009 മുതൽ ലിക്വിഡേറ്റർ ആയ സീനിയർ സഹകരണ ഇൻസ്പെക്ടർ-1, പത്തനംതിട്ട ഏറ്റെടുത്തിട്ടുള്ളതാകുന്നു.

ആകയാൽ പ്രസ്തുത സൊസൈറ്റിയിൽനിന്നും ഏതെങ്കിലും തുകകൾ കിട്ടുവാനുള്ള ആളുകൾ ഈ നോട്ടീസ് പരസ്യം ചെയ്ത് 60 ദിവസത്തിനകം കിട്ടാനുള്ള തുകയുടെ വിശദവിവരം ലിക്വിഡേഷൻ ഇൻസ്പെക്ടർ (സീനിയർ സഹകരണ ഇൻസ്പെക്ടർ) ജില്ലാ വ്യവസായകേന്ദ്രം, പത്തനംതിട്ട, കോഴഞ്ചേരി പി. ഒ. എന്ന മേൽവിലാസത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. ടി തീയതിക്കുശേഷം ഉന്നയിക്കുന്ന യാതൊരു ബാദ്ധ്യതകളോ അവകാശങ്ങളോ പരിഗണിക്കുന്നതല്ല എന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)
ലിക്വിഡേറ്റർ
ജില്ലാ വ്യവസായ കേന്ദ്രം, (സീനിയർ കോ-ഓപ്പറേറ്റീവ്
പത്തനംതിട്ട. ഇൻസ്പെക്ടർ).

കയർ വികസന ഡയറക്ടറുടെ നടപടിക്രമം

നമ്പർ സി. എസ്. 5/11570/2000. 2009 സെപ്റ്റംബർ 22.

സൂചന:— (1) നമ്പർ ഡി/1594/98 തീയതി 10-7-2009 പ്രോജക്ട് ആഫീസർ (കയർ) നോർത്ത് പറവൂർ.
(2) നമ്പർ എൽ. ഐ. സി. 41/98 തീയതി 19-6-2009 ലിക്വിഡേഷൻ ഇൻസ്പെക്ടർ നോർത്ത് പറവൂർ.
(3) 11-6-2009-ാം തീയതി പ്രകാരമുള്ള ലിക്വിഡേഷൻ ഇൻസ്പെക്ടർ (കയർ) (നോർത്ത് പറവൂരിന്റെ തീരുമാനം.)
(4) കയർ വികസന വകുപ്പ് സ്പെഷ്യൽ ഓഫീസറുടെ 23-6-1965-ാം തീയതി പ്രകാരമുള്ള ജിഎ-3/13965/64 നമ്പർ ഉത്തരവ്.

കുന്നത്തുനാട് സി. വി. സി. എസ്. ക്ലിപ്തം നമ്പർ 41 സൂചന 4 പ്രകാരം സമാപ്തീകരണ നടപടികൾക്ക് ഉത്തരവാകുകയും 22-7-1965-ാം തീയതിയിൽ ആദ്യ ലിക്വിഡേഷൻ ഇൻസ്പെക്ടർ ചാർജ്ജെടുത്തിട്ടുള്ളതും 16-11-1965-ാം തീയതി പ്രകാരം സംഘത്തിന്റെ ക്ലെയിം നോട്ടീസ് സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാകുന്നു.

പ്രസ്തുത സംഘത്തിന് യാതൊരു ആസ്തി ബാദ്ധ്യതയും ഇല്ലായെന്ന് ലിക്വിഡേഷൻ ഇൻസ്പെക്ടറുടെ 4-7-2008-ാം തീയതിയിലെ അവസാന ബാക്കി പത്രത്തിൽ നിന്നും 30-6-2009-ൽ തയ്യാറാക്കി അസിസ്റ്റന്റ് രജിസ്ട്രാർ പ്രോജക്ട് ഓഫീസ് (കയർ) കായംകുളം സാക്ഷ്യപ്പെടുത്തിയ ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ യിൽനിന്നും മനസ്സിലാക്കുന്നു. സംഘത്തിന് മറ്റ് ആസ്തി ബാദ്ധ്യതകളോ കിട്ടാക്കടമോ സർക്കാർ ബാദ്ധ്യതയോ യാതൊന്നും നിലവിൽ ഇല്ലായെന്ന് സംഘം ലിക്വിഡേഷൻ ഇൻസ്പെക്ടറുടെയും പ്രോജക്ട് ഓഫീസറുടെയും സൂചന 1, 2 പ്രകാരമുള്ള ശുപാർശ കത്തുകളുടെ അടിസ്ഥാനത്തിലും 10-6-2009-ാം തീയതി പ്രകാരമുള്ള സംഘത്തിന്റെ അവസാന പൊതുയോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും സഹകരണ സംഘം നിയമാവലി 1969 സെക്ഷൻ 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

ഉത്തരവ്

മേൽ വിവരിച്ച സാഹചര്യം കണക്കിലെടുത്ത് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന ലിക്വിഡേഷൻ ഇൻസ്പെക്ടറുടെ ശുപാർശ കത്തിന്റെ അടിസ്ഥാനത്തിൽ കുന്നത്തുനാട് സി. വി. സി. എസ്. ക്ലിപ്തം നമ്പർ 41 സഹകരണ സംഘം നിയമാവലി 1969 സെക്ഷൻ 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. സംഘത്തിന്റെ മുഴുവൻ രേഖകളും ഉത്തരവ് തീയതി മുതൽ 3 വർഷം വരെ സംഘം ലിക്വിഡേറ്ററുടെ അധീനതയിൽ സൂക്ഷിക്കേണ്ടതും 3 വർഷം പൂർത്തിയായാൽ (രജിസ്ട്രാർ) കയർ വികസന ഡയറക്ടറുടെ അംഗീകാരത്തോടു കൂടി നശിപ്പിക്കേണ്ടതുമാണ്.

കയർ വികസന
ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
നോർത്ത് പറവൂർ. കയർ വികസന ഡയറക്ടർ.

## തൃശ്ശൂർ കയർ വികസന ഡയറക്ടറുടെ നടപടിക്രമം

നമ്പർ സി.എസ്. 5/2626/2000. 2009 സെപ്റ്റംബർ 22.

സൂചന:— (1) നമ്പർ ഡി/1634/86 തീയതി 14-8-2009 പ്രോജക്ട് ആഫീസർ (കയർ), തൃശ്ശൂർ.

(2) നമ്പർ എൽ. ഐ. സി./148/2000 തീയതി 15-7-2009 ലിക്വിഡേഷൻ ഇൻസ്പെക്ടർ (ചേറ്റുപുഴ), തൃശ്ശൂർ നടപടിക്രമം.

(3) നമ്പർ സി. എസ്. 3/2666/66 തീയതി 8-2-1972 പ്രകാരമുള്ള കയർ വികസന ഡയറക്ടറുടെ ഉത്തരവ്.

മാമ്പിള്ളി സി. വി. സി. എസ്. ക്ലിപ്തം നമ്പർ 148-ന്റെ സമാപ്തീകരണ നടപടികൾക്ക് സൂചന 3 പ്രകാരം ഉത്തരവാകുകയും 19-4-1972-ാം തീയതിയിൽ ആദ്യ ലിക്വിഡേഷൻ ഇൻസ്പെക്ടർ ചാർജെടുത്തിട്ടുള്ളതും സംഘത്തിന്റെ ക്ലെയിം നോട്ടീസ് സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാകുന്നു.

പ്രസ്തുത സംഘത്തിന് യാതൊരു ആസ്തി ബാദ്ധ്യതയും ഇല്ലായെന്ന് ലിക്വിഡേഷൻ ഇൻസ്പെക്ടറുടെ 25-5-2007-ാം തീയതിയിലെ അവസാന ബാക്കിപത്രത്തിൽനിന്നും മനസ്സിലാക്കുന്നു. സംഘത്തിന് മറ്റ് ആസ്തി ബാദ്ധ്യതകളോ കിട്ടാക്കടമോ സർക്കാർ ബാദ്ധ്യതയോ യാതൊന്നും നിലവിലില്ലായെന്ന് സംഘം ലിക്വിഡേഷൻ ഇൻസ്പെക്ടറുടെയും പ്രോജക്ട് ഓഫീസറുടെയും സൂചന 1, 2 പ്രകാരമുള്ള ശുപാർശ കത്തുകളുടെ അടിസ്ഥാനത്തിലും 10-7-2009-ാം തീയതി പ്രകാരമുള്ള സംഘത്തിന്റെ അവസാന പൊതുയോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും സഹകരണ സംഘം നിയമാവലി 1969 സെക്ഷൻ 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

### ഉത്തരവ്

മേൽ വിവരിച്ച സാഹചര്യം കണക്കിലെടുത്ത് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന ലിക്വിഡേഷൻ ഇൻസ്പെക്ടറുടെ ശുപാർശ കത്തിന്റെ അടിസ്ഥാനത്തിൽ മാമ്പിള്ളി സി. വി. സി. എസ്. ക്ലിപ്തം നമ്പർ 148 സഹകരണ സംഘം നിയമാവലി 1969 സെക്ഷൻ 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. സംഘത്തിന്റെ മുഴുവൻ രേഖകളും ഉത്തരവ് തീയതി മുതൽ 3 വർഷം വരെ സംഘം ലിക്വിഡേറ്ററുടെ അധീനതയിൽ സൂക്ഷിക്കേണ്ടതും 3 വർഷം പൂർത്തിയായാൽ (രജിസ്ട്രാർ) കയർ വികസന ഡയറക്ടറുടെ അംഗീകാരത്തോടുകൂടി നശിപ്പിക്കേണ്ടതുമാണ്.

കയർ വികസന ഡയറക്ടറുടെ കാര്യാലയം,
തൃശ്ശൂർ.

(ഒപ്പ്)
കയർ വികസന
ഡയറക്ടർ.

### ലേലപ്പരസ്യം

നമ്പർ എൽ. ഐ. സി./2. 230/98. 2009 ഒക്ടോബർ 19.

ലിക്വിഡേഷനിലിരിക്കുന്ന തളിക്കുളം-നാട്ടിക കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 230-ന്റെ വക താഴെ പട്ടികയിൽ വിവരിക്കുന്ന വസ്തുവും അതിൽ ഉൾപ്പെട്ട മറ്റു വകകളും സംഘം സ്ഥലത്തുവച്ച് 30-12-2009 ബുധനാഴ്ച രാവിലെ 11 മണിക്ക് തൃശ്ശൂർ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ (ലിക്വിഡേഷൻ) പരസ്യമായി ലേലത്തിലോ/മുദ്രവച്ച ടെണ്ടർ മുഖേനയോ വിൽക്കുന്നതാണ്. ലേലത്തിൽ പങ്കുകൊള്ളാൻ ആഗ്രഹിക്കുന്നവർ നിശ്ചിത സ്ഥലത്തും സമയത്തും ഹാജരായി 25,000 രൂപ (ഇരുപത്തി അയ്യായിരം രൂപ മാത്രം) നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കുകൊള്ളേണ്ടതാണ്. ടെണ്ടർ സമർപ്പിക്കുമ്പോൾ ടെണ്ടറിനോടൊപ്പം 25,000 രൂപ നിരതദ്രവ്യം അടച്ചതിന്റെ രസീത് സമർപ്പിക്കേണ്ടതാണ്. മുദ്രവച്ച ടെണ്ടറുകൾ 29-12-2009-ന് 3 മണിക്ക് മുമ്പായി ലിക്വിഡേഷൻ ഇൻസ്പെക്ടർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. ലേല നടപടികൾക്കുശേഷം ടെണ്ടറുകൾ തുറന്ന് പരിശോധിക്കുന്നതുമാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം/ടെണ്ടർ വിളിക്കുന്ന ആളിന്റെ പേരിൽ ലേലം/ടെണ്ടർ താത്ക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ലേലം/ടെണ്ടർ തുകയിൽ മൂന്നിൽ ഒരു ഭാഗം ഉടനെ കെട്ടിവയ്ക്കേണ്ടതുമാണ്. ബാക്കി സംഖ്യ ലേലം സ്ഥിരപ്പെടുത്തിയതായി അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ചേറ്റുപുഴ കയർ ഇൻസ്പെക്ടർ ഓഫീസിലുള്ള സംഘം ലിക്വിഡേറ്റർ വശം ഒടുക്കി രസീത് കൈപ്പറ്റേണ്ടതാണ്. അല്ലാത്തപക്ഷം ഒടുക്കിയ സംഖ്യ മടക്കി കൊടുക്കുന്നതല്ലാത്തതും ആവർത്തിച്ച് ലേലം നടത്തുന്നതിനും കര കുടിശ്ശിക ആക്ട് പ്രകാരം ഈടാക്കുന്നതും എന്നാൽ, ആവർത്തന ലേലത്തിൽ കൂടുതൽ തുക വന്നാൽ ആയതിന് ആദ്യ ലേലക്കാരന് അവകാശമില്ലാത്തതും കൂടാതെ, അയാൾ കെട്ടിവയ്ക്കുന്ന നിരതദ്രവ്യം നഷ്ടപ്പെടുന്നതുമാണ്. താൽക്കാലികമായി സ്ഥിരപ്പെടുത്തിയിട്ടുള്ള ലേലം തിരുവനന്തപുരം കയർ വികസന ഡയറക്ടറുടെ അംഗീകാരം ലഭിക്കുന്നതിനനുസരിച്ച് കൂടുതൽ തുകയ്ക്ക് പിടിച്ചിട്ടുള്ള ആളിന്റെ പേരിൽ സ്ഥിരപ്പെടുത്തുന്നതുമാണ്.

ലേലം മാറ്റി വയ്ക്കുന്നതിനും യുക്തമെന്ന് തോന്നുന്ന പക്ഷം സ്ഥിരപ്പെടുത്താതിരിക്കുന്നതിനും ലിക്വിഡേറ്റർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. വസ്തുവിനെ സംബന്ധിച്ച് ന്യൂനതകളോ ബാധ്യതകളോ ഉണ്ടായിരുന്നാൽ സംഘം ലിക്വിഡേറ്ററോ ഗവൺമെന്റോ ഉത്തരവാദികളായിരിക്കുന്നതല്ല. സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ലേലം/ടെണ്ടർ കൊണ്ട ആൾ വഹിക്കേണ്ടതാണ്. ലേലം/ടെണ്ടറിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് നൽകേണ്ടതാണ്.

### പട്ടിക

ജില്ല—തൃശ്ശൂർ.

താലൂക്ക്—ചാവക്കാട്.

വില്ലേജ്—തളിക്കുളം.

സർവ്വേ നമ്പർ—167/4.

വിസ്തീർണ്ണം—12 $3/8$ സെന്റ്.

ലേലത്തെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലിക്വിഡേറ്ററിൽ നിന്ന് അറിയാവുന്നതാണ്.

കയർ ഇൻസ്പെക്ടർ ഓഫീസ് ,
ചേറ്റുപുഴ, തൃശ്ശൂർ.

(ഒപ്പ്)
ലിക്വിഡേഷൻ
ഇൻസ്പെക്ടർ (കയർ).